കേരളകൗമുദി 22 February 2023




# അറബിക്കടലിൽ ആൽഗകൾ കൂടുന്നു

കൊച്ചി: കാലാവസ്ഥാവ്യതിയാനത്തിന്റെ ഭാഗമായി അറബിക്കടലിൽ ഉപദ്രവകാരികളായ ആൽഗകളുടെ വളർച്ച (ഹംഫുൾ ആൽഗൽ ബ്ലൂം) വർദ്ധിക്കുന്നതായി വിദഗ്ദ്ധർ. ഇത് മീനുകളെ മാത്രമല്ല, മനുഷ്യന്റെ ആരോഗ്യത്തെയും സാരമായി ബാധിക്കുന്നുണ്ട്. അറബിക്കടലിൽ 2000 മുതൽ 2020 വരെയുള്ള കാലളവിൽ ഉപദ്രവകാരികളായ ആൽഗകളുടെ വളർച്ച ഏകദേശം മൂന്ന മടങ്ങ് വർദ്ധിച്ചിട്ടുണ്ടെന്നും മത്സ്യശാസ്ത്രജ്ഞർ പറയുന്നു. കൊച്ചിയിൽ നടക്കുന്ന വൺ ഹെൽത് അക്വാകൾച്ചർ ഇന്ത്യ ശില്പശാലയിലാണ് അഭിപ്രായമുയർന്നത്. ഇത് കടലിലെ കൂടുമത്സ്യകൃഷിപോലെയുള്ള കൃഷിരീതികളെ സാരമായി ബാധിക്കും.